# എസ്.എം.വി.യു.പി.എസ്

# പഠനങ്ങൾ

# വിദ്യാലയ വികസന രേഖ

# ആമുഖം

ചാത്തന്നൂർ ഗ്രാമ പഞ്ചായത്തിൽ മാമ്പള്ളിക്കുന്നം വാർഡ് III ൽ സ്ഥിതി ചെയ്യുന്ന എസ്.എം.വി.യു.പി സ്കൂൾ 1919ൽ സ്ഥാപിതമായി. ചാത്തന്നൂർ, കൈതക്കുഴി കല്ലുവാതുക്കൽ മാർത്തോമ ഇടവകകളുടെ ഭരണച്ചുമതലയിൽ പ്രവർത്തിക്കുന്ന ഈ സ്കൂൾ ബിഷപ്പ് മാർത്തോമ കോർപ്പറേറ്റ് മാനേജ്മെന്റിന്റെ അധീനതയിൽ പ്രവർത്തിക്കുന്നു. പാഠ്യ പാഠ്യേതര മേഖലകളിൽ വളരെ മെച്ചപ്പെട്ട നിലവാരം പുലർത്തിവരുന്നു. സബ് ജില്ലാ, ജില്ലാതല മത്സരങ്ങളിൽ കുട്ടികൾ പങ്കെടുത്ത് നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്. നിലവിൽ സ്കൂളിൽ 94 കുട്ടികൾ പഠനം നടത്തിവരുന്നു. ഹെഡ്മിസ്ട്രസും അധ്യാപകരും ചേർന്ന് തയ്യാറാക്കിയ ഈ വികസന മാർഗ്ഗരേഖയിലെ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെയും ജനപ്രതിനിധികളുടെയും, മാനേജ്മെന്റിന്റെയും പൊതുജനങ്ങളുടെയും സഹായത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്ന വിശ്വാസത്തോടെ സമർപ്പിച്ചു കൊള്ളുന്നു.

സ്നേഹപൂർവ്വം

ഹെഡ്മിസ്ട്രസ്

എലിസബത്ത്.എ.

Elizabeth A.
Headmistress
S.M.V.U.P.S, Chathannoor.

# അക്കാദമികം

# വിദ്യാലയ ആസൂത്രണം.

എസ്. ആർ. ജി യോഗം ചേരൽ
വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ
ദിനാചരണങ്ങൾ എന്നിവ തീരുമാനിക്കുന്നു.

യൂണിറ്റ് ടെസ്റ്റ്, ക്ലാസ് ടെസ്റ്റ്, ക്ലാസ് പി.ടി.എ
ഇവയുടെ തീയതികൾ തീരുമാനിക്കൽ.

സ്കീം ഓഫ് വർക്ക് ചർച്ച.
പ്രവർത്തന കലണ്ടർ ഓരോ മാസത്തെയും
തയ്യാറാക്കുന്ന അധ്യാപകരെ ചുമതല ഏൽപ്പിക്കൽ

അസംബ്ലി - തയ്യാറെടുക്കൽ ചുമതല.

സ്കൂൾ ലാബ് നവീകരണം, പരീക്ഷണ ശില്പശാല
എല്ലാ കുട്ടികൾക്കും അവസരം നൽകൽ.

ശാസ്ത്ര ലൈബ്രറി രൂപീകരണം
പുസ്തകങ്ങൾ ലിസ്റ്റ് ചെയ്യുന്നു.

വിവിധ പരീക്ഷണങ്ങൾ ക്ലാസ് അടിസ്ഥാനത്തിൽ
പട്ടികപ്പെടുത്തൽ.

എല്ലാ മാസവും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് സ്കൂൾ തല ക്ലാസ് മത്സരം നടത്തി വിജയികൾക്ക് അസംബ്ലിയിൽ സമ്മാനങ്ങൾ വിതരണം ചെയ്യൽ

ക്ലാസ് അസംബ്ലി എല്ലാ ദിവസവും നടത്തുക. വായന പ്രോത്സാഹിപ്പിക്കുന്നതിനായി അഭ്യുദയ കാംക്ഷികളെ കണ്ടെത്തി ദിനപത്രങ്ങൾ സ്പോൺസർ ചെയ്യിക്കുക.

പത്രവാർത്ത എഴുതി അവതരണം.

സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ

വായനമൂലകൾ, ക്ലാസ് ലൈബ്രറികൾ എന്നിവ സജ്ജീകരിക്കൽ

ഇംഗ്ലീഷ് ഭാഷാ പ്രയോഗത്തിന് പ്രാധാന്യം കൊടുക്കുന്നതിന് ഇംഗ്ലീഷ് ഫെസ്റ്റ് തീയതി നിശ്ചയിക്കൽ

റേഡിയോ ക്ലബ്ബ് രൂപീകരണം.

# സാമൂഹികം

# സാമൂഹികം

## ക്ലാസ് പി.ടി.എ.

എല്ലാ മാസവും കൃത്യമായി യൂണിറ്റ് ടെസ്റ്റുകൾ

യൂണിറ്റ് ടെസ്റ്റ് കഴിഞ്ഞ് എല്ലാ മാസവും ക്ലാസ് പി.ടി.എ.

രക്ഷിതാക്കളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കൽ

പൊതുപരിപാടികളിൽ രക്ഷിതാക്കളുടെ പൂർണ്ണ പങ്കാളിത്തം.

## പൂർവ്വ വിദ്യാർത്ഥി സംഘടന

വിദ്യാലയത്തിന്റെ അക്കാദമിക പ്രവർത്തനങ്ങളിൽ പൂർണ്ണ പിന്തുണ ഉറപ്പാക്കും.

Co-curricular ആക്ടിവിറ്റിസിൽ പൂർണ്ണ പിന്തുണ.

വിവിധ നിർമ്മാണ പ്രവർത്തനങ്ങളിൽ സാമ്പത്തിക സഹായം ഉറപ്പാക്കുന്നു.

## PTA

വിവിധ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ പൂർണ്ണ പങ്കാളിത്തം.

## MPTA

വിവിധ ഘോഷയാത്രകൾ സമ്മേളനങ്ങൾ

അലങ്കാര വിതാനം ..... ക്ലാസ് പിടിഎ [illegible]

## (3) വർത്തനങ്ങളിൽ സജീവ പങ്കാളിത്തം.

കുട്ടിയുടെ പഠനത്തിൽ രക്ഷിതാവിന്റെ സമ്പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുക.

എല്ലാ മാസത്തെയും ക്ലാസ് ടെസ്റ്റിനു ശേഷം കുട്ടിയുടെ നിലവാരത്തെ സംബന്ധിച്ച് പൂർണ്ണ വിവരം രക്ഷിതാക്കളുമായി ചർച്ച ചെയ്യുന്നു.

# ഭൗതികം

## കെട്ടിടം

നിലവിലുള്ള കെട്ടിടങ്ങൾ 100 വർഷത്തിലധികം പഴക്കമുള്ളവയാണ്. അതിന്റെ മേൽക്കൂര ചട്ടികയും കഴുക്കോലും മാറ്റി ഇരുമ്പ് ട്രസ്സുകൾ ഇട്ട് ബലപ്പെടുത്തിയിട്ടുണ്ട്.

ഭൗതിക സൗകര്യങ്ങളോട് കൂടിയ ക്ലാസ് മുറികൾ

* സ്മാർട്ട് ക്ലാസ് റൂം, ഫാൻ, ലൈറ്റ്, പ്രൊജക്ടർ
+ ലാപ്ടോപ്പ് സംവിധാനമുള്ള ക്ലാസ് മുറികൾ
* ലൈബ്രറി + റീഡിങ് റൂം.
* ക്ലാസ്. ബെഞ്ച് നിർമ്മാണം.
* ക്ലാസിൽ തൂവെള്ള റ്റിൻ ബോർഡുകൾ.
* ക്ലാസ് പഠന നേട്ട കലണ്ടർ.
* ക്ലാസ് മുറികൾ എല്ലാം ടൈലുകൾ പാകി മനോഹരമാക്കി.
* സ്കൂളിന്റെ മുൻ വശത്തെ മുറ്റം ഇന്റർലോക്ക് ചെയ്ത് മനോഹരമാക്കി.
* .

## അസംബ്ലി ഹാൾ നിർമ്മാണം :-

⇒ മീറ്റിങ്ങുകൾ, അസംബ്ലി പ്രദർശനങ്ങൾ പരിശീലനങ്ങൾ കുട്ടികളുടെ ആവിഷ്കാരങ്ങൾ എന്നിവയ്ക്ക് ഉതകുന്ന നീളവും ഉയരവും ഉള്ള ഹാൾ.

→ ക്ലാസ്സുകളിൽ ഹൈടെക് സംവിധാനങ്ങൾ സൗണ്ട് സിസ്റ്റം.

## ലബോറട്ടറി നവീകരണം

ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതം ഭാഷ എന്നിവയ്ക്ക് പ്രത്യേകം ലബോറട്ടറികൾ.

പുതിയ ഷെൽഫുകൾ, മാപ്പുകൾ ചാർട്ടുകൾ അപ്പാരറ്റസ് എന്നിവ വാങ്ങി ലബോറട്ടറി വികസിപ്പിക്കുക

## പാചകപ്പുര നവീകരണം.

വെളിച്ചവും വൃത്തിയുമുള്ള അടുക്കള നിർമ്മാണം. ഭക്ഷ്യവസ്തുക്കൾ സൂക്ഷിച്ചു വെയ്ക്കാൻ സ്റ്റോർ റൂം - നിർമ്മാണം.

ടൈലുകൾ പതിച്ച ആധുനിക സൗകര്യങ്ങളോടു - കൂടിയ അടുക്കള നിർമ്മാണം.

കുട്ടികൾക്ക് ഒരുമിച്ചിരുന്ന ഭക്ഷണം കഴിക്കുന്നതിന് പൈപ്പ് സംവിധാനം ഉള്ള ഡൈനിങ് ഹാൾ നിർമ്മാണം.

കുട്ടികൾ ശുദ്ധ ജലം നൽകുന്നതിന ഫിൽട്ടറുകൾ സ്ഥാപിക്കൽ.

ആകർഷകമായ വിദ്യാലയ പരിസരം.

* സ്കൂളിന്റെ പുറകുവശത്തുള്ള ഗ്രൗണ്ടിൽ നിന്നും സ്കൂളിലേയ്ക്ക് പ്രവേശിക്കുന്ന ഭാഗം നെറ്റ് കെട്ടി വേർതിരിക്കൽ:
* സ്കൂൾ പരിസരം പാവിങ് ബ്ലോക്കുകൾ സ്ഥാപിച്ച് മനോഹരമാക്കുക.
* മനോഹരമായ പൂന്തോട്ടങ്ങൾ നിർമ്മാണം.
* പാർക്ക് നിർമ്മാണം.
* ഔഷധ തോട്ട നിർമ്മാണം.
* പ്ലാസ്റ്റിക് രഹിത വിദ്യാലയം.
* ശുചിമുറികൾ നിർമ്മാണം.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആധുനിക സൗകര്യങ്ങളോട് കൂടിയ പുതിയ ശുചിമുറികൾ നിർമ്മാണം.

## ഓഫീസ് റൂം നവീകരണം

പഴയകാല റെക്കോർഡുകൾ സൂക്ഷിക്കുന്നതിനാവശ്യമായ ഷെൽഫുകൾ വാങ്ങുക.

പുതിയ ലാപ്ടോപ്പ്, പ്രിന്റർ, ഇന്റർനെറ്റ് സംവിധാനം ഒരുക്കൽ

പുതിയ ഫർണിച്ചർ വാങ്ങുക.

## സ്റ്റാഫ് റൂം ഒരു റിസോഴ്സ് റൂം.

- അധ്യാപകർക്കെല്ലാം പ്രത്യേകം ഷെൽഫുകൾ.
- പഠനോപകരണങ്ങൾ സൂക്ഷിച്ച് വയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുക.
- അറ്റാച്ച്ഡ് ബാത്ത് റൂം നിർമ്മാണം.
- റഫറൻസിനായി പ്രത്യേകം ലൈബ്രറി നിർമ്മാണം.

# തനതു പ്രവർത്തനം

# ലളിതം സുന്ദരം

- ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീ ഭാഷകളിൽ മികവ് സൃഷ്ടിക്കുക.

വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത്വവചനത്തിലൂന്നി വിദ്യാർത്ഥി സമൂഹത്തെ വായനയുടെയും എഴുത്തിന്റെയും പാതയിലേക്ക് നയിക്കാനും, വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച രീതിയിൽ വായിക്കുവാനും എഴുതുവാനും പഠിപ്പിക്കുവാനും ലക്ഷ്യം വച്ചു കൊണ്ടാണ് "ലളിതം സുന്ദരം" എന്ന പദ്ധതി ആരംഭിക്കുന്നത്

## ലക്ഷ്യങ്ങൾ

- എല്ലാ വിദ്യാർത്ഥികളും എഴുത്തും വായനയും പഠിക്കുന്നു.
- ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയുടെ ഉപയോഗം ത്വരിതപ്പെടുത്തുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.
- ഗ്രന്ഥശാല അംഗത്വം നേടുക.
- സാഹിത്യകാരൻമാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ
- മലയാളം, ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിൽ വിദ്യാർത്ഥികളെ മികവുറ്റവരാക്കുക.

# പ്രവർത്തനങ്ങൾ

- ## പഠനപരിഹാര ക്ലാസ് (Remedial Class)

എല്ലാ ദിവസവും രാവിലെ 9 മണി മുതൽ മലയാളം, ഹിന്ദി, ഇംഗ്ലീഷ് ഭാഷകളിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് അനായാസം എഴുതാനും വായിക്കാനുമുള്ള പരിശീലനം നൽകുന്നു. ഓരോ ദിവസവും നിശ്ചയിക്കപ്പെട്ട അധ്യാപകർ കുട്ടികൾക്ക് ക്ലാസ്സുകളെടുക്കുന്നു. ഭാഷാ പഠനത്തിനായി കുട്ടികൾക്ക് പ്രത്യേകം ബുക്കും അതിൽ പ്രവർത്തനങ്ങളും നൽകി വരുന്നു.

- ## ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും.

ക്ലാസ്സ് മുറിയിൽ, സ്കൂളിൽ ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതിനായുള്ള വിവിധ മത്സരങ്ങൾ. ഇംഗ്ലീഷ്, മലയാളം പത്രങ്ങളും ഹിന്ദി മാഗസിനുകളും ലഭ്യമാക്കുന്നു.

- ## രചയിതാക്കളെ പരിചയപ്പെടുത്തൽ

അസംബ്ലിയിൽ രചയിതാക്കൾ, അവരുടെ ജീവചരിത്രം, സംഭാവനകൾ എന്നിവ കുട്ടികൾ പരിചയപ്പെടുന്നു.

## പത്രവായന

വിവിധ പത്രങ്ങൾ ക്ലാസ്സിൽ നൽകി വാർത്ത വായനകൾ, പുതിയ അറിവുകൾ കണ്ടെത്തൽ, കണ്ടെത്തിയ എഴുതി സൂക്ഷിക്കുക എന്നിവയിലൂടെ ഭാഷാനൈപുണ്യം വർദ്ധിക്കുന്നു.

"ലളിതം സുന്ദരം" പദ്ധതിയിലൂടെ എല്ലാ കുട്ടികളെയും ഹിന്ദി, മലയാളം ഇംഗ്ലീഷ് ഭാഷകളിൽ നിപുണരാക്കി അവരെ മുൻധാരയിലെത്തിച്ച് പഠനം ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗപ്രപഞ്ചമാക്കി മാറ്റുവാൻ ലക്ഷ്യമിടുന്നു.

# മലയാളം

| ലക്ഷ്യം | പ്രവർത്തനം |
| --- | --- |
| • ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (ലളിതം സുന്ദരം) ഈ ഭാഷകൾ | • അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• വാക്കുകൾ എഴുതിയ കാർഡുകൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു.<br>• ചിത്രം - അടിക്കുറിപ്പ്<br>• ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ്.<br>• കഥാ പുസ്തകങ്ങൾ വായിക്കാൻ നൽകുകയും അതിലൂടെ എല്ലാ വിദ്യാർത്ഥികളെയും മികച്ച വായനക്കാരാക്കുകയും ചെയ്യുന്നു.<br>• ചിത്രം - കഥയെഴുത്ത്.<br>• ചിത്രം പ്രദർശിപ്പിച്ച് അതിൽ നിന്നും കണ്ടെത്തുന്ന കാര്യങ്ങൾ സ്വന്തമായി മനോഹരമായ ഭാഷയിൽ കുറിപ്പാക്കുന്നു. |

| ലക്ഷ്യം | പ്രവർത്തനം |
| --- | --- |
| കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക | 1. വായനക്കൂട്ട രൂപീകരണം |
| | 2. പുസ്തക പകർച്ച |
| | 3. ക്ലാസ് ലൈബ്രറി |
| | 4. വായനക്കുറിപ്പ് പതിപ്പ് |
| | 5. സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം |
| | 6. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ |
| | 7. ഇൻലന്റ് മാഗസിൻ, ചുവർ പത്രിക, പതിപ്പ് തയ്യാറാക്കൽ |
| | 8. വായനക്കൂട്ടം മോണിറ്ററിംഗ്. |
| | 9. വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്. |
| | 10. ബാലസഭ |
| | 11. പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്. |
| | 12. വ്യക്തിഗത രചന സംഘരചന |
| | 13. ഭാഷാ പ്രോജക്ട് |
| | 14. സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം |
| | 15 രചനകളെ പരിചയപ്പെടൽ |
| | 16. സാഹിത്യ സാംസ്കാരിക ചിത്രഗ്യാലറി. |

# ENGLISH

| Aim | Activity |
| --- | --- |
| • Enrichment of listening skill | • Narration of stories by teacher.<br>Teacher narrates stories and make the children listen to it. Then, the teacher asks simple questions from the story to make sure the students understood the main points of the story.<br>• English Assembly.<br>Conducting assembly in English helps the students to learn English words and thus enrich their vocabulary.<br>• Listening to conversations of native speakers in English.<br>Conversations of native English speakers can be of great help to learn English with actual pronounciation, rhythm and pause. |

| Aim | Activity |
| --- | --- |
| • Enrichment of speaking skills. | • Dramatisation<br>Stories in textbook are dramatised, and the teacher assigns roles to each students and make them act before the class.<br><br>• Encourage students to speak in English only.<br>Teacher uses only English inside and outside the classroom. Students are also asked to speak in English and ask doubts in English. |
| • Communication skills Improvement. | • Narration of real life incidents.<br>Teacher gives a few minutes in class for each student to narrate real life incidents before the class. It is fun to share different incidents in life to their friends. Learning with fun increases memory retention. |

| Aim | Activity |
| --- | --- |
| • Enrichment of Reading skills.<br><br>and<br><br>• Enrichment of Vocabulary. | • School Radio<br><br>Students present their own poems, stories and real life incidents through the 'School Radio' platform. Students also read daily news from newspapers through this platform. Reading on a regular basis improves their reading skills and also enrich their vocabulary. |
| • Enrichment of Writing skills. | Picture Description<br><br>• Teacher makes students to write simple poems and articles.<br><br>Teacher shows a picture in projector and asks the students to describe the picture in their own words.<br><br>Teacher asks students to write about themselves (MYSELF) and about their friends in simple words. |

# സംസ്കൃതം

# സംസ്കൃതം

## ലളിതം സംസ്കൃതം

ഭാരതത്തിൽ അനേകം ഭാഷകൾ ഉണ്ട്. ഭാഷ വെളിച്ചമാകുന്നു. ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്കുള്ള ദീപമാകുന്നു ഭാഷ. 'ശുദ്ധി ചെയ്തത്' എന്ന അർത്ഥത്തിലുള്ള സംസ്കൃത ഭാഷ വളരെ ശ്രേഷ്ഠവും മാതൃതുല്യവുമാകുന്നു. സംസ്കൃതഭാഷ പഠിക്കുന്നതിലൂടെ ഭാരതത്തിന്റെ സംസ്കാരവും വൈവിധ്യവും അറിയുവാൻ സാധിക്കുന്നു. നമ്മുടെ സംസ്കാരത്തിന് ആധാരമായി ഭവിക്കുന്ന വേദങ്ങളും ഇതിഹാസങ്ങളും പുരാണങ്ങളും ഉപനിഷത്തുക്കളുമെല്ലാം സംസ്കൃതഭാഷാരചിതങ്ങളാണ്. സനാതനവും നിത്യനൂതനവുമായ ദേവഭാഷയായ സംസ്കൃതത്തെ ഭാഷപഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികളിലും ലളിതവും സുന്ദരവും ആസ്വാദ്യകരവുമായ രീതിയിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
| --- | --- |
| എല്ലാ കുട്ടികളിലും ഭാഷാതാത്പര്യം ജനിപ്പിക്കൽ. | സംസ്കൃതകഥാഗാനങ്ങൾ, ബാലകവിതകൾ, സുഭാഷിതാനി. കുട്ടികൾക്കായുള്ള ഇതിഹാസപുരാണകഥാ പുസ്തകങ്ങൾ എന്നിവയുടെ വായനയിലൂടെയും ICT സാധ്യതയിലൂടെയും കുട്ടികളിലേക്കെത്തിക്കുന്നു. |
| ഭാഷ പഠിക്കുന്ന എല്ലാ കുട്ടികളിലും എഴുത്തും വായനയും ഉറപ്പിക്കുക. | അക്ഷരമാലക്കൂട്ടുകൂടിയതും ചിത്രങ്ങൾ നിറഞ്ഞതുമായ സംസ്കൃത പുസ്തകങ്ങൾ, അക്ഷരമാല, പദങ്ങൾ എന്നിവ എഴുതിയ ചാർട്ടുകൾ സഹായമെന്ന വിവിധയിനങ്ങൾ വായനാകാർഡുകൾ കോപ്പിബുക്ക് |

| | |
|---|---|
| | എന്നിവയിലൂടെ കുട്ടികളിൽ എഴുത്തും വായനയും ഉറപ്പിക്കുന്നു. |
| സംസ്കൃത ലൈബ്രറി | കഥകൾ, കവിതകൾ, ഇതിഹാസങ്ങൾ പുരാണ-ങ്ങൾ, കാവ്യങ്ങൾ, നാടക-ങ്ങൾ, വായനാ കാർഡുകൾ എന്നിവ ഉൾപ്പെടുത്തിയുള്ള ലൈബ്രറി ക്രമീകരിക്കുകയും ഇവ പ്രയോജനപ്പെടുത്തി ഭാഷാനൈപുണി കൈവരി-ക്കുന്നതിനും കുട്ടികൾക്ക് അവസരം നൽകുന്നു. |
| ആശയവിനിമയശേഷി വർദ്ധിപ്പിക്കൽ | സംസ്കൃതഭാഷാ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സെമിനാ-റുകൾ, സംവാദങ്ങൾ, ഭാഷാകളികൾ, സംഭാഷണ ശിബിരങ്ങൾ എന്നിവ സംഘടിപ്പിച്ച് ആശയവിനി- |

| | |
|---|---|
| | മെച്ചമായി വർദ്ധിപ്പിക്കുന്നു. |
| കുട്ടികളിലെ സർഗാത്മകത കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. | കുട്ടികളിലെ സർഗാത്മകത കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടി കഥാരചന, കവിതാരചന, കഥാകഥനം, പദ്യാലാപനം, ഗാനാലാപനം, പ്രശ്നോത്തരങ്ങൾ തുടങ്ങിയ മത്സരങ്ങൾ സംസ്കൃത ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയും എല്ലാ കുട്ടികൾക്കും അവസരങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ പരിശീലനം നൽകി സംസ്കൃതകലോത്സവത്തിന്റെ ഭാഗമാകുന്നതിന് അവസരം നൽകുകയും ചെയ്യുന്നു. |
| | |

| | |
|---|---|
| വായനാസാമഗ്രികളുടെ ശേഖരണവും സാഹിത്യ മാഗസിൻ നിർമ്മാണവും. | പാഠപുസ്തകങ്ങളിലെ പ്രവർത്തനവുമായി ബന്ധ- പ്പെട്ട അധിക വിവരശേഖ- രണത്തിനുള്ള [illegible]- ൽ കണ്ടെത്തി അവശ്യമായ പഠനസാമഗ്രികൾ നിർമ്മിക്കുന്നു.<br><br>കുട്ടികളുടെ കഴിവുകൾക്കനു- സൃതമായി തയ്യാറാക്കിയ രചനകൾ ചിത്രങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സ്കൂൾ തലത്തിൽ ഒരു സാഹിത്യ മാഗസിൻ നിർമ്മിക്കുന്നു. |
| | |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം വിശദാംശം |
| --- | --- |
| ഹിന്ദി ഭാഷാ പഠനം പ്രവർത്തികളിലൂടെ | ഹിന്ദി ഭാഷാ പഠനം, വിവിധ തരങ്ങളിലൂടെ ഉള്ള തന്ത്രങ്ങളിലൂടെ നടത്തപ്പെടുന്നു, വാക്യ പ്രയോഗ കൗശലം, ശൈലി പ്രയോഗ കൗശലം, നിരീക്ഷണ കൗശലം, മാധ്യമ കൗശലം എന്നീ പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ എത്തിക്കാൻ ശ്രമിക്കുന്നു. |
| കൗശല പ്രവർത്തനങ്ങൾ ഫലപ്രദമായി നിർവഹിച്ച് പഠന നേട്ടം ഉറപ്പാക്കുക. | അധ്യാപകൻ ക്ലാസിൽ കുട്ടികളെ പൂർണമായും ഉൾക്കൊള്ളിക്കുവാൻ ശ്രമിക്കുന്നു. കുട്ടികൾക്കുണ്ടാവുന്ന പുതിയ വിജ്ഞാനങ്ങൾ പഠനം മുന്നോട്ട് കൊണ്ടു പോകാൻ സഹായിക്കുന്നു. കുട്ടികളുടെ ശ്രദ്ധ പഠനത്തിൽ നിന്ന് വ്യതിചലിച്ച് പോകാതെ ഇരിക്കാൻ ശ്രമിക്കുന്നു. |

| ലക്ഷ്യം | പ്രവർത്തന വിശദാംശം |
| --- | --- |
| ഹിന്ദി ഭാഷാ പഠനത്തിന് കുട്ടികൾക്കുള്ള താത്പര്യം വളർത്തുക, നിലനിർത്തുക. | ഹിന്ദി ഭാഷാ പഠനത്തിന് സാധാരണ കുട്ടികളിൽ കാണപ്പെടുന്ന അവഗണന പ്രവണതയും ഒഴിവാക്കാനായി, ICT ഉപയോഗം, ക്ലിപ്പ് ആർട്ടുകൾ, ചലന ചിത്രങ്ങൾ, വിവിധ പ്രവർത്തനം എന്നിവ ഉപയോഗപ്പെടുത്തുന്നു.<br><br>കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന തരത്തിൽ ഉള്ള മാധ്യമത്തിലൂടെ ഉള്ള പഠനം കുട്ടികളുടെ ശ്രദ്ധയും മികവും ഉയർത്താൻ സഹായകരമാകുന്നു. |
| നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന മാധ്യമങ്ങളെ പറ്റി പരിചയപ്പെടുന്നതും, അവ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം. | നിത്യ ജീവിതത്തിൽ ഉപയോഗം ആക്കപ്പെടുന്ന കത്ത്, വാർത്താ ലേഖനം, പോസ്റ്റർ, നോട്ടീസ്, ഡയറി, ചെറു ലേഖനങ്ങൾ, എന്നിവയെപ്പറ്റി പരിചയപ്പെടുത്തുകയും അവ നിർമ്മിക്കാനുള്ള നിർദേശങ്ങളും ആശയങ്ങളും നൽകുന്നു. |

| ലക്ഷ്യം | പ്രവർത്തന വിശദാംശം |
|---|---|
| ചാർട്ട് നിർമ്മാണവും, പ്രദർശനവും | അധ്യാപകന്റെ നിർദ്ദേശാനുസരണം കുട്ടികൾ ചാർട്ട് നിർമ്മിക്കുകയും അധ്യാപകന്റെ സഹായത്തോടെ തെറ്റുകൾ തിരുത്തി ക്ലാസിലെ ഭിത്തികളിൽ അത് പ്രദർശനാനുസരണം ഒട്ടിക്കുകയും ചെയ്യുന്നു. |
| ക്ലാസിന്റെ മധ്യേയുള്ള ചോദ്യോത്തരങ്ങൾ. | അധ്യാപകൻ ക്ലാസ് എടുക്കുന്നതിനോടൊപ്പം ക്ലാസിലുള്ള കുട്ടികളോട് അവരുടെ ആശയ അവതരിപ്പിക്കുവാനും, എത്രമാത്രം മനസ്സിലാകുന്നു എന്ന് അറിയാനുവേണ്ടി ക്ലാസിന്റെ മധ്യേയുള്ള ചോദ്യങ്ങൾ സഹായകരമാകുന്നു, അവ ഹിന്ദി ഭാഷയിൽ തന്നെ ആവണം എന്ന് നിർദ്ദേശം നൽകുന്നു. |
| ഹോം വർക്കുകൾ | അന്നു ദിവസത്തെ പഠനലക്ഷ്യങ്ങൾ ചേർന്നു വീട്ടിലെ പഠനത്തോടൊപ്പം ഹോംവർക്കുകൾ കൊടുക്കാൻ ശ്രമിക്കുന്നു. |

# ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തന വിശദാംശം |
| --- | --- |
| ശാസ്ത്രം- പരീക്ഷണത്തിലൂടെ<br>ശാസ്ത്രപഠന പ്രവർത്തനങ്ങൾ ഫലപ്രദമായി നിർവ്വഹിച്ച് പഠനനേട്ടം ഉറപ്പാക്കുക | ശാസ്ത്ര പരീക്ഷണം ചെയ്യുന്നതിനും ശാസ്ത്രീയ മനോഭാവം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, പരീക്ഷണം, പട്ടികപ്പെടുത്തൽ, സാമഗ്രികൾ ലിസ്റ്റ് ചെയ്യൽ, തരം തിരിക്കൽ, നിർമ്മാണം, ലാമ്പ് ക്രമീകരണം പരീക്ഷണം- അനുകരണം, പരീക്ഷണം- നിർവ്വഹണം, പരീക്ഷണാനുഭവങ്ങൾ രേഖപ്പെടുത്തൽ, പൊതുജനങ്ങൾക്കു മുന്നിൽ അവതരിപ്പിക്കൽ |
| ശാസ്ത്രപഠനത്തോടുള്ള താത്പര്യം വളർത്തുക. | ശാസ്ത്രവുമായി ബന്ധപ്പെട്ട പത്രവാർത്തകൾ, പുതിയ കണ്ടുപിടിത്തങ്ങൾ, ശാസ്ത്ര ലേഖനങ്ങൾ, ശാസ്ത്ര മേഖലയുമായി ബന്ധപ്പെട്ട വാർത്തകൾ എന്നിവ ശേഖരിച്ച് ശാസ്ത്രമാസിക തയ്യാറാക്കുക. |

| | |
|---|---|
| വൈദ്യുതോപകരണ ശില്പശാല<br><br>ശാസ്ത്രം നിത്യജീവിതത്തിൽ എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു, പ്രശ്നപരിഹാരണത്തിനു കുട്ടികളെ പ്രാപ്തരാക്കുക. | ശാസ്ത്ര പരീക്ഷണം ചെയ്യുന്നതിനും വൈദ്യുതോപകരണങ്ങളുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും, പ്രവർത്തന തത്വം മനസ്സിലാക്കി ലഘു വൈദ്യുതോപകരണങ്ങൾ നിർമ്മിക്കുന്നതിന് അവസരം നൽകുന്നു.<br><br>ആസിഡുകൾ, ആൽക്കലികൾ എന്നിവ തിരിച്ചറിയുന്നതിനും, വായു മർദ്ദം, കാന്തങ്ങളുടെ സാന്നിധ്യം ഇവയുടെ സ്വാധീനം നിത്യജീവിതത്തിൽ ഒഴിച്ചുകൂടാനാകാത്തതാണ് എന്ന് തിരിച്ചറിയുന്നതിനുമായ് വിവിധ പ്രവർത്തനങ്ങൾ നൽകുന്നു.<br><br>ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ ശാസ്ത്ര ക്വിസ് സംഘടിപ്പിക്കുക. |
| ഭക്ഷ്യ മേള സംഘടിപ്പിക്കുന്നു | ആറാം ക്ലാസിലെ 'ആഹാരം ആരോഗ്യത്തിന്' എന്ന പാഠഭാഗത്തെ അടിസ്ഥാനമാക്കി സ്കൂൾ ഭക്ഷ്യമേള ഒരുക്കി പോഷകാഹാരത്തിന്റെ പ്രാധാന്യം വിശദീകരിക്കുന്നു. |

# സാമൂഹ്യശാസ്ത്രം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ. |
|---|---|
| ചരിത്ര രചനാ ശേഷി വികസിപ്പിക്കുക. | * ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളെക്കുറിച്ച് വിവരശേഖരണം.<br>- ചർച്ച ഫീൽഡ് ട്രിപ്പ്.<br>യാത്രാവിവരണം കുറിപ്പ് തയ്യാറാക്കൽ |
| ചരിത്രം അന്വേഷിക്കാൻ പ്രേരിപ്പിക്കുക. | * പ്രാദേശിക രചന<br>* മുതിർന്നവരുമായി അഭിമുഖം.<br>* ചരിത്ര പ്രാധാന്യമുള്ള ചിത്രശേഖരണം.<br>* ആൽബം തയ്യാറാക്കൽ. പ്രദർശിപ്പിക്കണം. |
| സാമൂഹ്യപഠനം ശാസ്ത്രീയമാക്കൽ | * സാമൂഹ്യശാസ്ത്ര ലാബ് ശാക്തീകരണം.<br>* മാപ്പ് സ്റ്റഡി.<br>കേരളം: ജില്ലകൾ, അതിരുകൾ തലസ്ഥാനങ്ങൾ രേഖപ്പെടുത്തൽ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ കണ്ടെത്തൽ. ഇന്ത്യയുടെ മാപ്പിൽ സംസ്ഥാനം, തലസ്ഥാനം, അതിരുകൾ ലോകഭൂപടം: ഭൂഖണ്ഡങ്ങൾ സമുദ്രങ്ങൾ ഇവ കണ്ടെത്തൽ. |

ചരിത്രശേഷിപ്പുകളുടെ പ്രാധാന്യം മനസ്സിലാക്കുക.

* പഴയകാല ഉപകരണങ്ങൾ ശേഖരിച്ച പ്രദർശിപ്പിക്കുക.
* ശേഷിപ്പുകളുടെ ചിത്രങ്ങൾ വിവരങ്ങൾ ഉൾപ്പെട്ട ആൽബം തയ്യാറാക്കി പ്രദർശിപ്പിക്കുക.
* പഴയകാല ഉപകരണങ്ങൾ അവയുടെ പുതിയരൂപങ്ങൾ കണ്ടെത്തി തരംതിരിക്കുക വിശദീകരിക്കു
* ചിത്രപ്രദർശനം ചരിത്രപ്രാധാന്യമുള്ള ചിത്രങ്ങൾ ശേഖരിച്ച് പതിപ്പ് ആക്കി പ്രദർശിപ്പിക്കുന്നു.

# ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ. |
| --- | --- |
| ഗണിതത്തോടുള്ള താൽപര്യം വളർത്തുക. ഗണിത പഠനത്തിൽ ആത്മ വിശ്വാസമുണ്ടാക്കുക. | ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ നിത്യജീവിതത്തിലെ പ്രശ്നങ്ങൾ ഗണിതവുമായി ബന്ധപ്പെടുത്തി അപഗ്രഥിക്കുന്നതിനും നിർധാരണം ചെയ്യുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നു.<br>മനക്കണക്ക് അനായാസമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.<br>കുടുംബ ബജറ്റ് തയ്യാറാക്കുന്നത് വഴി വരവ് ചെലവു കണക്കുകൾ കണ്ടെത്തി ചെലവ് ക്രമീകരിക്കുന്നതെങ്ങനെയെന്ന് മനസ്സിലാക്കുന്ന പ്രവർത്തനങ്ങൾ |
| | ഗണിത ശാസ്ത്രജ്ഞരുടെ ജീവചരിത്രം സംഭാവന എന്നിവ ഉൾപ്പെടുത്തി കൈയ്യെഴുത്ത് മാസിക തയ്യാറാക്കുക. |

| | |
|---|---|
| | പലിശ - VII ക്ലാസിലെ പാഠഭാഗം. ആ വിഷയങ്ങൾ ബാങ്ക് ഉദ്യോഗസ്ഥനായി അഭിമുഖം. കറന്റ് ബിൽ, ഫോൺ ബിൽ പരിശോധിച്ച് തുകകളുടെ അനുപാതം മനസിലാക്കുന്നു. സർവ്വേ സംഘടിപ്പിക്കുന്നു. |
| ഗണിത ക്ലാസ് ഏറ്റം വിരസത അകറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ. | സ്കൂൾ തല ഗണിത മേളകൾ സംഘടിപ്പിക്കുന്നു. ഉപജില്ലാ തല ഗണിതമേള പങ്കെടുക്കുന്നു. പ്രകൃതിയിലെ ഗണിത പാറ്റേണുകൾ കണ്ടെത്തൽ. ഗണിത ലാബ് സജ്ജീകരണം. ക്ലാസിൽ ഗണിത മൂലകൾ സജ്ജീകരിക്കുന്നു. |
| ഭിന്നസംഖ്യകളുടെ ചതുഷ്ക്രിയകൾ പരിഹരിക്കുന്നതിനു കുട്ടികളെ പ്രാപ്തരാക്കുക. | ഭിന്നസംഖ്യ എന്ന ആശയ രൂപീകരണം. വൃത്തങ്ങളെ വിവിധ സമഭാഗങ്ങളാക്കി ചായം കൊടുക്കുന്ന പ്രവർത്തനങ്ങൾ. |

| | |
|---|---|
| | ഗണിതവുമായി ബന്ധപ്പെട്ട പത്രവാർത്തകൾ, ഗണിതചിന്തകൾ ഗണിതപാറ്റേണുകൾ എന്നിവ ഉൾപ്പെടുത്തി ബുള്ളറ്റിൻ ബോർഡ് തയ്യാറാക്കുക. |
| | ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ എല്ലാ ആഴ്ചയിലും ഗണിത ക്വിസ് നടത്തുക. |
| | സംഖ്യാ പാറ്റേൺ, ജ്യാമിതീയ പാറ്റേൺ നിർമ്മാണം. ഗണിതവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ ആഘോഷം. |
| ഗണിതം ദൈനംദിന ജീവിതവുമായി എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു, അവ പരിഹരിക്കുന്നതിന കുട്ടികളെ പ്രാപ്തരാക്കുക. | ശരാശരി നിത്യജീവിതത്തിൽ വിവിധ പ്രശ്നങ്ങൾ പരിഹരണം. ശരാശരിയുമായി ബന്ധപ്പെട്ട നിത്യജീവിത സന്ദർഭങ്ങൾ പരിചയപ്പെടുത്തൽ. ഗണിതം - നാട്ടറിവുകൾ ശേഖരിച്ച് പതിപ്പ് നിർമ്മാണം. |